(സി) ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ മദ്യവില്പനശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 428 ബാറുകളും 39 ബിവറേജസ്/ കൺസ്യൂമർ ഫെഡ് ഔട്ട് ലെറ്റുകളും പൂട്ടിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽനിന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഇ) മദ്യവർജ്ജനത്തിലൂടെ മദ്യനിരോധനം 10 വർഷംകൊണ്ട് നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിലേയ്ക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയും മദ്യ വിപണനശാലകൾ ഘട്ടം ഘട്ടമായി കുറച്ചും, മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ബാർ ലൈസൻസിനുള്ള മാനദണ്ഡങ്ങൾ

92 (93) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് ഉണ്ടാകേണ്ടുന്ന നിലവാരം എന്താണെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് നിലവാരം എന്തായിരിക്കണമെന്ന് വെളിപ്പെടുത്താമോ; നിലവിലുള്ള ബാർ നടത്തിപ്പ് സംബന്ധമായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(സി) സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ എല്ലാം പാലിച്ചു കൊണ്ടാണ് നിലവിൽ ബാറുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതിയ മദ്യനയം അനുസരിച്ച് 5 നക്ഷത്ര പദവിയോ അതിനു മുകളിലോ നിലവാരമുള്ള ഹോട്ടലുകൾക്ക് മാത്രമാണ് പുതുതായി ബാർ ലൈസൻസ് അനുവദിക്കുന്നത്. നിലവിലുള്ള ഹോട്ടലുകളിൽ 5 നക്ഷത്ര പദവിയില്ലാത്ത ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തൽസ്ഥിതി തുടരുന്നു.

(സി) അഞ്ച് നക്ഷത്ര പദവി ഇല്ലാത്ത ഹോട്ടലുകൾ പ്രവർത്തിപ്പിക്കേണ്ട എന്നുള്ളതാണ് സർക്കാർ നയം. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 നക്ഷത്ര പദവിയില്ലാത്ത ബാർ ഹോട്ടലുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ബാറുകൾ മറ്റു വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly